കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭ - നഗരസഭാ മേയറുടെ പി.എ. ശ്രീ. സി. ശ്രീകുമാരൻ നായരുടെ ഡെപ്യൂട്ടേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം. 1614/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.05.2015.

പരാമർശം:-
1) ജി.ഒ. (ആർ.ടി) നം. 771/13/തസ്വഭവ. തീയതി 23.03.2013.
2) ജി.ഒ. (ആർ.ടി) നം. 1320/2014/തസ്വഭവ. തീയതി 28.05.2014.
3) പഞ്ചായത്ത് ഡയറക്ടറുടെ 28.04.2015 തീയതിയിലെ ഇ1-13017/15 നമ്പർ കത്ത്.
4) കൊല്ലം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ 29.04.2015 തീയതിയലെ ജി1-5012/07 നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 06.05.2015 തീയതിയിലെ ഇ6-5441/2014 നമ്പർ കത്ത്.

## ഉത്തരവ്

മേൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് സെക്രട്ടറി (ഹയർ ഗ്രേഡ്) ശ്രീ. സി. ശ്രീകുമാരൻ നായരെ കൊല്ലം നഗരസഭാ മേയറുടെ പി.എ. തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമനം 25.03.2014 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഡെപ്യൂട്ടേഷൻ നിയമനം ശ്രീ. സി. ശ്രീകുമാരൻ നായരുടെ വിരമിക്കൽ തീയതിയായ 31.05.2015 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് കൊല്ലം നഗരസഭാ അഡീഷണൽ സെക്രട്ടറി പരാമർശം (4) പ്രകാരം അറിയിച്ചിരിക്കുന്നു. 31.05.2015 വരെ അന്യത്രസേവനം ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് വകുപ്പിന് തടസ്സമില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയായ (ഹയർ ഗ്രേഡ്) ശ്രീ സി. ശ്രീകുമാരൻ നായർക്ക് കൊല്ലം നഗരസഭാ മേയറുടെ പി.എ. തസ്തികയിൽ അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ നിയമനം ഡെപ്യൂട്ടേഷൻ നിബന്ധനകൾക്ക് വിധേയമായി 25.03.2015 മുതൽ ടിയാൻ വിരമിക്കുന്ന 31.05.2015 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവന്തപുരം.
സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ (മേയർ മുഖേന)
ശ്രീ. സി. ശ്രീകുമാരൻ നായർ, പി.എ. ടു മേയർ, കൊല്ലം നഗരസഭ.
സെക്രട്ടറി, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**